പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4790 — 22.03. 2018 ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില

ചോദ്യം
ശ്രീ.വി.ഡി.സതീശൻ

ഉത്തരം
ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന് വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ബോർഡ് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) ഇല്ല. ഇതു സംബന്ധിച്ച് യാതൊരുവിധ നിർദ്ദേശങ്ങളും ഇതുവരെ കമ്മീഷനിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) വൈദ്യുതി ബോർഡിന്റെ നിലവിലെ സാമ്പത്തിക നില എപ്രകാരമാണ്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആഡിറ്റ് പൂർത്തിയായ 2016-17 സാമ്പത്തിക വർഷത്തെ നഷ്ടം 1494.63 കോടി രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതി ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി വിവിധ തരം പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) റഗുലേറ്ററി കമ്മീഷൻ നിരക്ക് വർദ്ധനവ് പരിഗണിക്കുമ്പോൾ ബോർഡിന്റെ ലാഭ നഷ്ട കണക്കുകൂടി കണക്കിലെടുത്താണോ അന്തിമ തീരുമാനം കൈക്കൊള്ളുന്നത്? | (സി) അതെ. 2018-19 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള നാല് വർഷത്തേയ്ക്ക് ഒന്നിച്ച്, താരിഫ് നിർണ്ണയിക്കുന്നതിനുള്ള 'ഡ്രാഫ്റ്റ് റെഗുലേഷൻ' കമ്മീഷൻ പ്രസിദ്ധീകരിക്കുകയും പൊതു തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ കമ്മീഷൻ അന്തിമ റെഗുലേഷൻ സമർപ്പിച്ചിട്ടില്ല. ടി റെഗുലേഷനിലെ മാനദണ്ഡങ്ങളിലൂടെ തയ്യാർ ചെയ്യുന്ന കെ.എസ്.ഇ.ബി യുടെ വാർഷിക വരവു ചെലവു കണക്കിലെ അന്തരം കുറയ്ക്കുന്നതിനായാണ് നിരക്ക് വർദ്ധനവ് കമ്മീഷൻ അംഗീകരിക്കുന്നത് |

സെക്ഷൻ ഓഫീസർ